ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | **പ്രധാനവാർത്തകൾ** | **DATE:29.07.2026**

1. പാർലമെന്റിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം; രാജ്യസഭ രണ്ടു മണിവരെ നിർത്തിവച്ചു.

2. പദ്ധതികൾ വൈകുന്നത് മൂലമുള്ള സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ അഞ്ച് സുപ്രധാന പരിഷ്കാരങ്ങൾ നടപ്പാക്കാൻ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചതായി മുഖ്യമന്ത്രി വി ഡി സതീശൻ.

3. കേരള വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ നടപ്പാക്കുന്ന 'പ്രോജക്ട് സീറോ' സംസ്ഥാനതല പദ്ധതി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു.

4. സംസ്ഥാനത്ത് ദേശീയ സെൻസസ് 2027 ന്റെ ആദ്യ ഘട്ടം നാളെ അവസാനിക്കും.

5. സംസ്ഥാനത്ത് ശനിയാഴ്ച വരെ ശക്തമായ കാറ്റോട് കൂടിയ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്; എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6. കോമൺവെൽത്ത് ഗെയിംസിൽ ഭാരോദ്വഹനത്തിലും പുരുഷന്മാരുടെ 10,000 മീറ്റർ ഓട്ടത്തിലും ഇന്ത്യയ്ക്ക് വെള്ളി; ആകെ മെഡൽ 12 ആയി.

*************************

RNU TVPM

## പാർലമെന്റ്

നീറ്റ് പരീക്ഷ ചോദ്യപേപ്പർ ചോർച്ചയിലെ വിദ്യാർത്ഥി പ്രതിഷേധത്തിനെതിരെ നടന്ന പോലീസ് നടപടികളിൽ പാർലമെന്റിൽ പ്രതിപക്ഷ ബഹളം. പ്രതിഷേധം ശക്തമായതോടെ ഇരുസഭകളും 12 മണിവരെ നിർത്തിവെച്ചു. രാജ്യസഭയിൽ നടപടികൾ പുനരാരംഭിച്ചെങ്കിലും പ്രതിപക്ഷ ബഹളത്തെ തുടർന്ന് രണ്ട് മണിവരെ നിർത്തിവയ്ക്കുകയായിരുന്നു. പരീക്ഷ ക്രമക്കേടുകൾ തടയുന്നതിന് കർശന നടപടികൾ ഉറപ്പുവരുത്തുന്ന പൊതു പരീക്ഷ ഭേദഗതി ബില്ലിന്മേലുള്ള ചർച്ചകൾ ലോകസഭയിൽ പുനരാരംഭിച്ചു.

**************************

## വി.ഡി.സതീശൻ (ഇൻട്രോ)

പദ്ധതികൾ വൈകുന്നത് മൂലമുള്ള സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ പൊതുഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട ഒരു ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ രൂപീകരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഇതിനായി അഞ്ച് സുപ്രധാന പരിഷ്ക്കാരങ്ങൾ നടപ്പാക്കുമെന്ന് അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് മന്ത്രിസഭായോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. (ഹോൾഡ്)

രാജ്യത്ത് മറ്റൊരു തൊഴിൽ നിയമവും പ്രാബല്യത്തിലില്ലാത്തതിനാൽ തൊഴിലാളികൾക്ക് സംരക്ഷണമേകാൻ പുതിയ ലേബർ കോഡ് കേരളത്തിലും നടപ്പാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ഡൽഹിയിലെ വിദ്യാർത്ഥി പ്രതിഷേധത്തിൽ കേരളത്തിലെടുത്ത കേസുകളിലെ നടപടികൾ ആഭ്യന്തര വകുപ്പ് തീരുമാനിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

RNI TVPM

ഓണക്കാലത്തെ മുന്നൊരുക്കങ്ങൾ അന്തിമ ഘട്ടത്തിലെന്ന് പറഞ്ഞ അദ്ദേഹം 16 ഇനങ്ങളടങ്ങിയ ആറുലക്ഷത്തിലധികം സൗജന്യ ഓണക്കിറ്റുകൾ ഓഗസ്റ്റ് 10 മുതൽ 20 വരെ വിതരണം ചെയ്യുമെന്നും അറിയിച്ചു.

*************************

## നിയമന ഉത്തരവ്

സർക്കാർ നിയമ കലാലയങ്ങളിലേക്ക് പുതുതായി നിയമിതരായ അസിസ്റ്റന്റ് പ്രൊഫസർമാർക്കുള്ള നിയമന ഉത്തരവ് മുഖ്യമന്ത്രി വി.ഡി. സതീശൻ കൈമാറി. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ നടന്ന ചടങ്ങിൽ മന്ത്രി റോജി എം. ജോൺ അധ്യക്ഷത വഹിച്ചു. 35 പേർക്കാണ് നിയമന ഉത്തരവ് കൈമാറിയത്.

*************************

RNU TVPM

## രമേശ് ചെന്നിത്തല

സർക്കാർ ഓഫീസിൽ അഭിമാനത്തോടെ വരാൻ ഒരോ പൗരനും കഴിയണമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. കേരള വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ നടപ്പാക്കുന്ന 'പ്രോജക്ട് സീറോ' സംസ്ഥാനതല പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അഴിമതിക്കെതിരെ പോരാടാൻ യുവജനങ്ങളെ 'വിജിലൻസ് കമാൻഡോകൾ' ആയി അണിനിരത്തുകയും, ആഭ്യന്തര വിജിലൻസ് ഓഫീസർമാർക്കായി വർക് ഷോപ്പുകൾ സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

*************************

## സെൻസസ്

സംസ്ഥാനത്ത് ദേശീയ സെൻസസ് 2027 ന്റെ ആദ്യ ഘട്ടം നാളെ അവസാനിക്കും. സെൻസസ് ഒന്നാം ഘട്ടത്തിൽ വീടുകളുടെ

വിവരശേഖരണമാണ് ഇപ്പോൾ പുരോഗമിക്കുന്നത്. അടുത്ത വർഷം ഫെബ്രുവരിയിലാണ് ജനസംഖ്യ കണക്കെടുപ്പ് നടക്കുക.

************************

## നിറപുത്തരി (ഇൻട്രോ)

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ നിറപുത്തരി മഹോത്സവത്തോടനുബന്ധിച്ച് തിരുവനന്തപുരം പുത്തരിക്കണ്ടത്ത് കൊയ്ത്തുത്സവം നടന്നു. മന്ത്രി കെ മുരളീധരൻ കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്തു. മേയർ വി വി രാജേഷ് അധ്യക്ഷത വഹിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്....**

(വോയിസ്)

************************

## മന്ത്രി ഒ.ജെ.ജനീഷ് - ഉദ്ഘാടനം

നൂറുദിന കർമ പരിപാടിയിൽ ഉൾപ്പെടുത്തി മ്യൂസിയം ഓഡിറ്റോറിയത്തിൽ പുതിയതായി സ്ഥാപിച്ച സ്റ്റെയർ ലിഫ്റ്റിന്റെയും , ത്രിഡി തിയേറ്ററിൽ സ്ഥാപിച്ച റാമ്പിന്റെയും ഉദ്ഘാടനം മന്ത്രി ഒ ജെ ജനീഷ് ഇന്ന് വൈകിട്ട് നിർവഹിക്കും. ആരോഗ്യ മന്ത്രി കെ മുരളീധരൻ ചടങ്ങിൽ അധ്യക്ഷനാകും. ഭിന്നശേഷി സൗഹൃദവും സാമൂഹികനീതിയും ഉറപ്പാക്കുന്ന സമഗ്രമായ പ്രവേശന സൗകര്യങ്ങളാണ് ഓഡിറ്റോറിയത്തിൽ ഒരുക്കിയിട്ടുള്ളത്..

************************

RNUTVPM

## <u>മഴ</u>

സംസ്ഥാനത്ത് ശനിയാഴ്ച വരെ ശക്തമായ കാറ്റോട് കൂടിയ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള-കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മുതൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കോഴിക്കോട് മലയോര മേഖലകളിൽ ശക്തമായ മഴയാണ് അനുഭവപ്പെടുന്നത്.

************************

## <u>സർവമത പ്രാർത്ഥന</u>

RNU TVPM

മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിന് നാളെ രണ്ടു വർഷം. രണ്ടാണ്ട് പൂർത്തിയാകുമ്പോൾ ഉരുൾ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നതിന് പുത്തുമലയിലെ ഹൃദയ ഭൂമിയിൽ നാളെ സർവ്വമത പ്രാർത്ഥനയും പുഷ്പാർച്ചനയും നടക്കും. ജില്ലാ ഭരണകൂടത്തിന്റെയും മേപ്പാടി ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിലാണ് ഹൃദയ ഭൂമിയിൽ അനുസ്മരണവും സർവ്വമത പ്രാർത്ഥനയും നടക്കുന്നത്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന ദുരന്തബാധിതരെയും കുടുംബാംഗങ്ങളെയും കൽപ്പറ്റയിൽ നിന്ന് പുത്തുമലയിലേക്കും തിരികെ കൽപ്പറ്റയിലേക്കും എത്തിക്കുന്നതിന് കെ.എസ്.ആർ.ടി.സി പ്രത്യേക സർവീസുകൾ നടത്തും.

************************

## മത്സ്യത്തൊഴിലാളികളെ കാണാതായി

കൊല്ലം തങ്കശ്ശേരിയിൽ മത്സ്യബന്ധനവള്ളം മുങ്ങി മത്സ്യത്തൊഴിലാളിയെ കാണാതായി. ഒരാളെ രക്ഷപ്പെടുത്തി. പള്ളിത്തോട്ടം സ്വദേശി റോയിസണിനായി തെരച്ചിൽ തുടരുകയാണ്. അത്ഭുതമാതാവ് എന്ന വള്ളമാണ് തങ്കശ്ശേരി പുലിമുട്ടിന് സമീപം രാവിലെ മുങ്ങിയത്.

*************************

## കോമൺവെൽത്ത് ഗെയിംസ്

കോമൺവെൽത്ത് ഗെയിംസിൽ രണ്ട് സ്വർണ്ണവും ഏഴ് വെള്ളിയും മൂന്ന് വെങ്കലവും ഉൾപ്പെടെ 12 മെഡലുകൾ നേടി ഇന്ത്യ പട്ടികയിൽ ഒമ്പതാം സ്ഥാനത്ത്. ഭാരോദ്വഹനത്തിൽ ഹർജീന്ദർ കൗറും പുരുഷന്മാരുടെ 10,000 മീറ്റർ ഓട്ടത്തിൽ ഗുൽവീർ സിംഗും വെള്ളി മെഡൽ നേടി. കോമൺവെൽത്ത് ഗെയിംസിൽ 10,000 മീറ്റർ ഓട്ടത്തിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യക്കാരനാണ് ഗുൽവീർ സിംഗ്. പുരുഷന്മാരുടെ 400 മീറ്റർ ഓട്ടത്തിൽ വിശാൽ ടി.കെ മികച്ച പ്രകടനത്തോടെ സെമിഫൈനലിലേക്ക് മുന്നേറി. ബോക്സിങ്ങിൽ പ്രിയ ഘംഗാസ്, പ്രീതി പവാർ , ജാദുമാനി സിംഗ് എന്നിവരും സെമിയിൽ കടന്നു.

RIJU TVPM

*************************

## അന്താരാഷ്ട്ര കടുവ ദിനം

ഇന്ന് അന്താരാഷ്ട്ര കടുവ ദിനം. കടുവകളുടെ സംരക്ഷണം, അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥകളുടെ സംരക്ഷണം, വനങ്ങളിൽ കഴിയുന്ന കടുവകളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് എന്നിവയെക്കുറിച്ച് അവബോധം വളർത്തുന്നതിനായാണ് ദിനാചരണം. 2010 നവംബറിൽ റഷ്യയിലെ സെന്റ്

പീറ്റേഴ്സ്ബർഗിൽ നടന്ന ഉച്ചകോടിയിലാണ് അന്താരാഷ്ട്ര കടുവ ദിനം ആചരിക്കാൻ തീരുമാനിച്ചത്.

*************************

## പാലക്കാട് (ഇൻട്രോ)

ഈ വർഷത്തെ ദേശീയ കടുവ സംരക്ഷണ അതോറിറ്റിയുടെ **എക്സലൻസ് ആൻഡ് പെർഫോമൻസ് അവാർഡ്** പറമ്പിക്കുളം കടുവ സങ്കേതത്തിലെ ഫോറസ്റ്റ് ഗൈഡ് എൻ. മുരുകേശൻ ഏറ്റുവാങ്ങി. ഒരു ലക്ഷം രൂപ സമ്മാനത്തുകയുള്ള പുരസ്കാരം അന്താരാഷ്ട്ര കടുവ ദിനമായ ഇന്ന് ന്യൂ ഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര വനം മന്ത്രി ഭൂപേന്ദ്ര യാദവ് ആണ് മുരുകേശന് സമ്മാനിച്ചത്.

വിശദാംശങ്ങളുമായി പാലക്കാട് നിന്നും ആകാശവാണി പ്രതിനിധി ഫൈസൽ അലി മുത്ത്.........

(വോയിസ്)

*************************

## ഷിബു ബേബി ജോൺ-കടുവ ദിനം

രാജ്യാന്തര കടുവ ദിനത്തിന്റെ ഭാഗമായി വനം, മ്യൂസിയം വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ഇന്നും നാളെയും പരിപാടികൾ സംഘടിപ്പിക്കും. ഇന്ന് വൈകിട്ട് മന്ത്രി ഒ.ജെ. ജനീഷ് കടുവ ദിനാചരണം ഉദ്ഘാടനം ചെയ്യും. നാളെ നടക്കുന്ന സമാപന സമ്മേളനം മന്ത്രി ഷിബു ബേബി ജോൺ ഉദ്ഘാടനം ചെയ്യും.

*************************

RNU TVPM

## രമേശൻ പാലേരി-സംസ്കാരം

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ചെയർമാൻ രമേശൻ പാലേരിക്ക് നാടിൻറെ യാത്രാ മൊഴി. മടപ്പള്ളി നാദാപുരം റോഡിലെ വിട്ടുവളപ്പിൽ നടന്ന

സംസ്കാര ചടങ്ങിൽ രാഷ്ട്രീയ- സാംസ്കാരിക മേഖലകളിലെ നിരവധി പേർ അന്തിമോപചാരം അർപ്പിച്ചു. പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, MLA മാരായ PA മുഹമ്മദ് റിയാസ്, കെ.കെ രമ, മുൻ കേന്ദ്രമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ തുടങ്ങിയവർ അന്തിമോപചാരം അർപ്പിച്ചു. ചികിൽസയിലിരിക്കെ കോയമ്പത്തൂർ ആശുപത്രിയിൽ ഇന്നലെയായിരുന്നു അന്ത്യം.

*************************

## കമ്മീഷൻ അദാലത്ത്

കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ കമ്മീഷൻ അദാലത്ത് ഇന്നും നാളെയും തിരുവനന്തപുരം തൈക്കാട് പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടക്കും. കമ്മീഷൻ ചെയർപേഴ്സൺ ശേഖരൻ മിനിയോടൻ, കമ്മീഷൻ മെമ്പർമാരായ ടി.കെ വാസു, സേതുനാരായണൻ എന്നിവർ നേതൃത്വം നൽകും.

RNU TVPM

*******************************************************************
*********************************